ICDS-B1

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - ഐസിഡിഎസ് - ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന - ഐസിഡിഎസ് പ്രോജക്ടുകൾ പുനഃക്രമീകരിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ (എം.എസ്) നം. 01/2012/സാക്ഷേവ തീയതി, തിരുവനന്തപുരം, 02.01.2012

---

പരാമർശം: 1) 15.12.2010 ലെ സ.ഉ(എം.എസ്) നമ്പർ 96/2010/സാക്ഷേവ.
2) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 02.02.2011 ലെ ഐസിഡിഎസ് ബി1-38811/2010 നമ്പർ കത്ത്.

00 498
OFFICE OF THE DIRECTOR OF SOCIAL WELFARE (NEXT) ★ TRIVANDRUM ★
19 JAN 2012

**ഉത്തരവ്**

മൂന്നാം ഘട്ട ഐസിഡിഎസ് വികസനത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ അനുവദിച്ച 95 ഐസിഡിഎസ് പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും അവയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ പുനഃസംഘടിപ്പിക്കുന്നതിനും പുതിയ ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയ സാഹചര്യത്തിൽ നിലവിലുള്ളതും പുതുതായി അനുവദിച്ചതുമായ ഐസിഡിഎസ് പ്രോജക്ടുകൾ പുനഃക്രമീകരിച്ച പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. നിലവിലുള്ളതും പുതുതായി അനുവദിച്ചതുമായ ഐസിഡിഎസ് പ്രോജക്ടുകൾ പുനഃക്രമീകരിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഭേദഗതികൾ വരുത്തണമെന്ന പ്രോഗ്രാം ഓഫീസർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ടി പദ്ധതി നടത്തിപ്പിന്റെ ഭരണപരമായ സൗകര്യത്തിനായി ചില ഐസിഡിഎസ് പ്രോജക്ട്/അഡീഷണൽ പ്രോജക്ടുകളുടെ പുനഃക്രമീകരണത്തിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>തിരുവനന്തപുരം</u>

1. പെരുങ്കടവിള അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് നിലവിലുള്ള പ്രോജക്ടായും നിലവിലുള്ള പ്രോജക്ട് അഡീഷണൽ പ്രോജക്ടായും മാറ്റേണ്ടതാണ്. അപ്രകാരം മാറ്റപ്പെടുന്ന പെരുങ്കടവിള നിലവിലുള്ള പ്രോജക്ടിന്റെ ആസ്ഥാനം ഉദയൻകുളങ്ങരയിലുള്ള വാടക കെട്ടിടത്തിൽ നിന്നും കൊല്ലയിൽ പഞ്ചായത്തിലേയ്ക്ക് മാറ്റുന്നു.
2. നേമം ഐസിഡിഎസിന്റെ നിലവിലുള്ള പ്രോജക്ടിന്റെ ആസ്ഥാനം ശാന്തിവിളയിൽ നിന്നും പള്ളിച്ചൽ പഞ്ചായത്തിലേയ്ക്ക് മാറ്റുന്നു.
3. വർക്കല, നെടുമങ്ങാട്, വെള്ളനാട് എന്നീ നിലവിലുള്ള പ്രോജക്ടുകൾ അഡീഷണൽ പ്രോജക്ടായും അഡീഷണൽ പ്രോജക്ടുകൾ നിലവിലുള്ള പ്രോജക്ടുകളായും മാറ്റുന്നു.

കൊല്ലം

മുഖത്തല ഐസിഡിഎസിന്റെ അഡീഷണൽ പ്രോജക്ട് നിലവിലുള്ള പ്രോജക്ടായും നിലവിലുള്ള പ്രോജക്ട് അഡീഷണൽ പ്രോജക്ടായും മാറ്റേണ്ടതാണ്. അപ്രകാരം മാറ്റപ്പെടുന്ന മുഖത്തല അഡീഷണൽ പ്രോജക്ടിന്റെ ആസ്ഥാനം ഇളമ്പള്ളൂർ, പെരുമ്പുഴ പി.ഒ , കുണ്ടറ ആയിരിക്കും.

ഇടുക്കി

അടിമാലി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം കുഞ്ഞിതണ്ണി, ബൈസൻവാലി പഞ്ചായത്ത് എന്നത് കുഞ്ഞിതണ്ണി, വെള്ളത്തൂവൽ പഞ്ചായത്ത് എന്ന് മാറ്റുന്നു.

എറണാകുളം

1. മുളന്തുരുത്തി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുക്കുന്ന മണീട് പഞ്ചായത്ത് നിലവിലുള്ള പ്രോജക്ടിലേയ്ക്ക് മാറ്റുന്നു.

2. കോതമംഗലം അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടമ്പുഴ നിലവിലുള്ള പ്രോജക്ടിലേയ്ക്കും നിലവിലുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വാരപ്പെട്ടി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലേക്കും മാറ്റുന്നു.

3. അങ്കമാലി അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് നിലവിലുള്ള പ്രോജക്ടായും നിലവിലുള്ള പ്രോജക്ട് അഡീഷണൽ പ്രോജക്ടായും മാറ്റുന്നു. എന്നാൽ നിലവിലുള്ള പ്രോജക്ടിൽ ഉൾപ്പെട്ട കറുകുറ്റി, അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെട്ട കാഞ്ഞൂർ പഞ്ചായത്തുകൾ മാറ്റേണ്ടതില്ല.

4. കൊച്ചി (മട്ടാഞ്ചേരി) അർബൻ - I , ഐസിഡിഎസ് പ്രോജക്ടിൽ ഒന്നു മുതൽ 11 വരെയും 24 മുതൽ 28 വരെയും ഡിവിഷൻ നമ്പറുകൾ ഉൾപ്പെടുത്തുകയും പ്രോജക്ടിന്റെ ആസ്ഥാനം കോർപ്പറേഷൻ സോണൽ ഓഫീസ്, മട്ടാഞ്ചേരി എന്നും മാറ്റുന്നു.

5. കൊച്ചി അർബൻ II ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 55,57 വാർഡുകൾ കൊച്ചി അർബർ III പ്രോജക്ടിലേക്ക് മാറ്റേണ്ടതാണ്. കൊച്ചി അർബൻ II ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം കൊച്ചി കോർപ്പറേഷൻ ഏരിയ എന്നത് ഐസിഡിഎസ് ഓഫീസ് തേവരഫെറി, തേവര പി.ഒ, എന്ന് മാറ്റുന്നു.

6. കൊച്ചി അർബർ III ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വാർഡ് നമ്പർ 56 കൊച്ചി അർബൻ II ഐസിഡിഎസ് പ്രോജക്ടിലേക്ക് മാറ്റുന്നു.

തൃശ്ശൂർ

1. നിലവിലുള്ള ചൊവ്വന്നൂർ ഐസിഡിഎസ് പ്രോജക്ടിലെ കടവല്ലൂർ ചൊവ്വല്ലൂർ അഡീഷണൽ പ്രോജക്ടിലേക്കും അഡീഷണൽ പ്രോജക്ടിലെ വേലൂർ നിലവിലുള്ള പ്രോജക്ടിലേക്കും മാറ്റുന്നു.
2. നിലവിലുള്ള കൊടകര ഐസിഡിഎസ് പ്രോജക്ടിലെ വരന്തരപ്പിള്ളി കൊടകര അഡീഷണൽ പ്രോജക്ടിലേയ്ക്കും അഡീഷണൽ പ്രോജക്ടിലെ പുതുക്കാട് നിലവിലുള്ള പ്രോജക്ടിലേയ്ക്കും മാറ്റേണ്ടതാണ്. നിലവിലുള്ള കൊടകര

ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം ഐസിഡിഎസ് പ്രോജക്ട് ഓഫീസ് എന്നത് ഐസിഡിഎസ് പ്രോജക്ട് , കൊടകര ബ്ലോക്ക് ഓഫീസ് എന്നും അഡീഷണൽ പ്രോജക്ടിന്റെ ആസ്ഥാനം മട്ടത്തൂർ പഞ്ചായത്ത് ഓഫീസ് എന്നത് കൊടകര പഞ്ചായത്ത് ഓഫീസ് എന്നും മാറ്റുന്നു.

3. കൊടുങ്ങല്ലൂർ ഐസിഡിഎസ് പ്രോജക്ടിലുള്ള ശ്രീനാരായണപുരം പഞ്ചായത്ത് മതിലകം ബ്ലോക്കിൽ ഉൾപ്പെട്ടതായതിനാൽ നിലവിലുള്ള കൊടങ്ങലൂർ ഐസിഡിഎസ് പ്രോജക്ടിൽ നിന്നും ശ്രീനാരായണപുരം പഞ്ചായത്ത് മാറ്റി മതിലകം ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നു.
4. ഒല്ലൂക്കര അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൂർക്കഞ്ചേരി , പുഴയ്ക്കൽ അഡീഷണൽ പ്രോജക്ടിന്റെയും പുഴയ്ക്കൽ അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിൽവട്ടം, ഒല്ലൂക്കര അഡീഷണൽ പ്രോജക്ടിന്റെയും പരിധിയിൽ ഉൾപ്പെടുത്തുന്നു. നിലവിലുള്ള ഒല്ലൂക്കര ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം ഒല്ലൂക്കര പഞ്ചായത്ത് ഓഫീസ് എന്നും ഒല്ലൂക്കര അഡീഷണൽ പ്രോജക്ടിന്റെ ആസ്ഥാനം ഐസിഡിഎസ് പ്രോജക്ട് ഓഫീസ് ഒല്ലൂക്കര പെരിങ്ങാവ് എന്നും മാറ്റുന്നു.
5. പുഴയ്ക്കൽ അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം അയ്യന്തോൾ എന്നത് ചൈൽഡ് ഹെൽത്ത് ഡെവലപ്മെന്റ് സെന്റർ, ഓലരി എന്ന് മാറ്റുന്നു.

## മലപ്പുറം

നിലവിലുള്ള വണ്ടൂർ ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുന്ന മമ്പാട് അഡീഷണൽ പ്രോജക്ടിലേയ്ക്കും അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെടുന്ന പാണ്ടിക്കാട് നിലവിലുള്ള പ്രോജക്ടിലേയ്ക്കും മാറ്റുന്നു.

## വയനാട്

1. നിലവിലുള്ള സുൽത്താൻ ബത്തേരി ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന നെന്മേനി അഡീഷണൽ പ്രോജക്ടിലേയ്ക്കും അഡീഷണൽ പ്രോജക്ടിലെ മീനങ്ങാടിയും നൂൽപ്പുഴയും നിലവിലുള്ള പ്രോജക്ടിലേയ്ക്കും മാറ്റുന്നു. അപ്രകാരം മാറ്റപ്പെടുമ്പോൾ സുൽത്താൻ ബത്തേരി അഡീഷണൽ പ്രോജക്ടിന്റെ ആസ്ഥാനം അമ്പലവയൽ പഞ്ചായത്ത് എന്നും മാറ്റുന്നു.
2. പനമരം അഡീഷണൽ പ്രോജക്ടിന്റെ ആസ്ഥാനം പുൽപ്പള്ളി എന്ന് മാറ്റുന്നു.

## കണ്ണൂർ

1. നിലവിലുള്ള ഇരിക്കൂർ ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉളിക്കൽ പഞ്ചായത്ത് അഡീഷണൽ പ്രോജക്ടിലേയ്ക്കും അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന മയ്യിൽ പഞ്ചായത്ത് നിലവിലുള്ള പ്രോജക്ടിലേയ്ക്കും മാറ്റുന്നു.
2. കൂത്തുപറമ്പ് അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം കുന്നോത്ത് പറമ്പിൽ നിന്നും പാട്യം പഞ്ചായത്തിലേയ്ക്ക് മാറ്റുന്നു.
3. തലശ്ശേരി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്റെ ആസ്ഥാനം മമ്പറത്ത് നിന്നും പിണറായിയിലേയ്ക്ക് മാറ്റുന്നു.

## കാസർഗോഡ്

മഞ്ചേശ്വരം അഡീഷണൽ പ്രോജക്ടിൽ ഉൾപ്പെടുന്ന മംഗൽപാടി പഞ്ചായത്തിനെ നിലവിലുള്ള പ്രോജക്ടിലും നിലവിലുള്ള മഞ്ചേശ്വരം പ്രോജക്ടിലെ പൈവളിഗെ പഞ്ചായത്തിനെ മഞ്ചേശ്വരം അഡീഷണൽ പ്രോജക്ടിലേയ്ക്കും മാറ്റുന്നു.

4. പരാമർശം (1) -ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്,

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ശാരദാ മുരളീധരൻ
സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

പകർപ്പ്: പഞ്ചായത്തും സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ